## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2511 — 19.06.2013 -ൽ മറുപടിയ്ക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി സ്വകാര്യ നിയമനം

**ചോദ്യം** — **ഉത്തരം**

**ശ്രീ. എം.പി.വിൻസെന്റ്**

**ശ്രീ.ഷിബു ബേബി ജോൺ**
(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി സ്വകാര്യ നിയമനങ്ങൾ നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; | (എ) | സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ കൂടാതെ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ഒഴിവുകൾ അറിയിക്കുന്ന മുറയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും മാനദണ്ഡങ്ങൾക്കു വിധേയമായി അർഹരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് നൽകാറുണ്ട്. കൂടാതെ, എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം നടപ്പാക്കുന്ന എംപ്ലോയബിലിറ്റി സെന്റർ മുഖേന പരിശീലനം നൽകി ജോലിയ്ക്ക് പ്രാപ്തരാക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ സ്ഥാപനങ്ങളിലും ജോലി ലഭിക്കുന്നതിന് അവസരം ഒരുക്കിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയിൽ ഏതൊക്കെ വിഭാഗത്തിൽപ്പെട്ട ഒഴിവുകളിലാണ് നിയമനം നടത്തുവാൻ ഉദ്ദേശിക്കുന്നത്; | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്ന എല്ലാ ഒഴിവുകൾക്കും ആവശ്യപ്പെടുന്ന യോഗ്യതയ്ക്കനുസരിച്ചും ജാതി സംവരണതത്വമനുസരിച്ചും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് നൽകാറുണ്ട്. |
| (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരുടെ കൃത്യമായ വിവരങ്ങൾ ശേഖരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പതിനാലു ജില്ലകളിലെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും എല്ലാ മാസവും നൽകുന്ന റിട്ടേണുകളിൽ നിന്നും തൊഴിൽ രഹിതരുടെ കൃത്യമായ വിവരങ്ങൾ ശേഖരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ